പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ:2660

14.12.15 ൽ മറുപടിക്ക്

കുട്ടനാട് പാക്കേജ്

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.ജി.സുധാകരൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എ.എം.ആരീഫ്<br>ശ്രീ.ആർ.രാജേഷ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
| (എ) | കുട്ടനാട് പാക്കേജ് പ്രകാരം ജലവിഭവവകുപ്പ് നടപ്പിലാക്കേണ്ട പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ; | (എ) & (ബി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവവകുപ്പ് വിഭാവനം ചെയ്ത പദ്ധതിളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; ഓരോ ഘടക പദ്ധതിയും പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത് എന്നായിരുന്നെന്നും അവ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ; | |
| (സി) | പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും, അതിൽ എത്ര വീതം ചെലവഴിച്ചെന്നും അറിയിക്കാമോ; | (സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഡി) | കുട്ടനാട് പാക്കേജ് തുടരേണ്ടതില്ലെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി എങ്ങനെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) കുട്ടനാട് പാക്കേജ് തുടരേണ്ടതില്ല എന്ന് കേന്ദ്രസർക്കാർ ഔദ്യോഗികമായി അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾ (ഫ്ളഡ് മാനേജ്മെന്റ് സ്കീം)

1. **കെ. ഇ. എൽ. - I** നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 24.7 കോടി അടങ്കൽ വരുന്ന പദ്ധതി 28.01.2010-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 12.07.2010-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും, തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 7.425 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച 24.7 കോടി രൂപായുടെ പദ്ധതി 14 പ്രവർത്തികളായി ടെൻഡർ ചെയ്യുകയും അവ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ സ്കീമിൽ ഇതുവരെ 11 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും 15.98 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 30-01-2015 ൽ കേന്ദ്ര സർക്കാർ 2.4813 കോടി രൂപ കൂടി അനുവദിച്ചു. ഈ പദ്ധതിയുടെ അംഗീകരിച്ച സമയപരിധി 31.03.2012 വരെ ആയിരുന്നു. കേന്ദ്ര ഗവൺമെന്റ് 31.03.2015 വരെ സമയ പരിധി ദീർഘിപ്പിച്ചെങ്കിലും പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിച്ചില്ല. എന്നാൽ ഈ സാമ്പത്തിക വർഷം പ്രവർത്തികൾപൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
2. **കെ. ഇ. എൽ. - II** കായൽ നിലങ്ങളിലെ 9 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 118.913 കോടി അടങ്കൽ വരുന്ന പദ്ധതി 12.05.2010-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 12.07.2010-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 15 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച 118.913 കോടി രൂപായുടെ പദ്ധതി 3 പ്രവർത്തികളായി ടെൻഡർ ചെയ്യുകയും അവ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 119.69 കോടി രൂപ ചെലവായിട്ടുണ്ട്. ഈ പദ്ധതിയുടെ അംഗീകരിച്ച സമയപരിധി 31.03.2012 വരെ ആയിരുന്നു. കേന്ദ്ര ഗവൺമെന്റ് 31.03.2015 വരെ സമയ പരിധി ദീർഘിപ്പിച്ചെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചില്ല. എന്നാൽ ഈ സാമ്പത്തിക വർഷം പ്രവർത്തികൾ പൂർത്തീകരിക്കുമെന്ന പ്രതീക്ഷിക്കുന്നു.
3. **കെ. ഇ. എൽ. - III** 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 18.08.2011 ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 106.13 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡുവായി 30 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. ഈ പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 29 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും 51.48 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 30-01-2015 ൽ കേന്ദ്ര സർക്കാർ 1.8750 കോടി രൂപ കൂടി അനുവദിച്ചു. ഈ പദ്ധതിയുടെ അംഗീകരിച്ച സമയപരിധി 31.03.2013 വരെ ആയിരുന്നെങ്കിലും കേന്ദ്ര ഗവൺമെന്റ് 31.12.2016 വരെ സമയ പരിധി ദീർഘിപ്പിച്ചുതന്നിട്ടുണ്ട്.
4. **കെ. ഇ. എൽ. - IV** - ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 248.39 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 15.12.2011-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 30 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡുവായി 11.25 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. ഈ പദ്ധതി 12 നീർത്തട പദ്ധതികളായി തിരിച്ച്

ടെണ്ടർ ചെയ്യുകയും ചെയ്തു. ഇതിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ സ്കീമിൽ ഇതുവരെ 3 നീർത്തടങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും പെരുവേലിച്ചാൽ, കരിങ്ങാലിച്ചാൽ, കരിപ്പുഴ എന്നീ നീർത്തടങ്ങളുടെ പണികൾ പുരോഗമിച്ചു വരുകയാണ്. ഈ സ്കീമിൽ ഇതുവരെ 14.94 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ അംഗീകരിച്ച സമയപരിധി 31.03.2013 വരെ ആയിരുന്നെങ്കിലും കേന്ദ്ര ഗവൺമെന്റ് 31.12.2016 വരെ സമയ പരിധി ദീർഘിപ്പിച്ചിട്ടുണ്ട്.

### 5. 13-ാം ധനകാര്യ കമ്മീഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ.

1. **തലയാഴം പഞ്ചായത്തിലെ കരിയാർ നദിയുടെ കുറുകെ ഉള്ള ബ്രഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം.**
   പുതുക്കിയ എസ്റ്റിമേറ്റ് തുക - 28.72 കോടി
   പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു.
2. **ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററുകളുടെ പുനഃരുദ്ധാരണം.**

എ) *പട്ടണക്കാട് പഞ്ചായത്തിലെ അന്തകാരനാഴി റെഗുലേറ്റർ കം ബ്രിഡ്ജിന്റെപുനർനിർമ്മാണവും പുനഃരുദ്ധാരണവും.*
പുതുക്കിയ എസ്റ്റിമേറ്റ് തുക - 3.32 കോടി
പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു.
നിർമ്മാണം പുരോഗമിക്കുന്നു ഇതുവരെ ചെലവാക്കിയ തുക 2.41 കോടി രൂപ

ബി) *എഴുപുന്ന പഞ്ചായത്തിലെ പേനടി റെഗുലേറ്റിന്റെ പുനർനിർമ്മാണവും പുനഃരുദ്ധാരണവും*
പുതുക്കിയ എസ്റ്റിമേറ്റ് തുക - 95.64 ലക്ഷം

പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചു ഇതുവരെ ചെലവാക്കിയ തുക 84 ലക്ഷം

സി) *കുത്തിയതോട് പഞ്ചായത്തിലെ പുല്ലുവേലി റെഗുലേറ്ററിന്റെ പുനർനിർമ്മാണവുംപുനഃരുദ്ധാരണവും*
പുതുക്കിയ എസ്റ്റിമേറ്റ് തുക - 96.71 ലക്ഷം.
പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ ചെലവാക്കിയ തുക 30.65 ലക്ഷം രൂപയാണ്.

ഡി) *വയലാർ പഞ്ചായത്തിലെ ചാത്തൻചിറ തോട്ടിലെ ചാത്തൻചിറ പാലത്തിനു സമീപം മടയുടേയും സംരക്ഷണഭിത്തിയുടേയും നിർമ്മാണം*
എസ്റ്റിമേറ്റ് തുക - 0.05 കോടി
പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

6.. ***എ. സി. കനാൽ വിപുലീകരിച്ച് പ്രളയ-ജല-നിർഗമനം സുഗമമാക്കൽ:***

<u>ഒന്നാം ഘട്ടം: - . മനയ്ക്കൽചിറ മുതൽ ഒന്നാംകര വരെ</u>

6.09.2012-ൽ ടി. പദ്ധതിയ്ക്ക് 20.67 കോടി രൂപയ്ക്ക് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വഴി നടപ്പിലാക്കുവാൻ ഭരണാനുമതി ലഭിച്ചു. ടി പദ്ധതിയിൽ എ.സി.കനാലിന്റെ ആഴം കൂട്ടൽ, കിടങ്ങറപ്പാലം പുനർ-നിർമ്മാണം, പാറക്കൽ കലുങ്ക് പുനർ-നിർമ്മാണം സംരക്ഷണ ഭിത്തിയുടെ നിർമ്മാണം എന്നീ പ്രവർത്തികൾ ഉൾപ്പെടുത്തിയിരുന്നു. എ.സി.കനാലിന്റെ ആഴം കൂട്ടലും, സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും ഉൾപ്പെട്ട (5.8 കോടി രൂപയ്ക്ക്) പ്രവർത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് നാളിതുവരെ5.99 കോടി രൂപ ചെലവഴിച്ചു 79% പണി പൂർത്തീകരിച്ചു.

7. <u>കുട്ടനാട് താലൂക്കിലെ 398 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ</u>

കുട്ടനാട് താലൂക്കിൽപ്പെട്ട 398 പാടശേഖരങ്ങൾ ചേർത്ത് വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്ക് 3.10.2013-ലെ ഉത്തരവ് ജി. ഒ. (ആർ.റ്റി.) നം.1072/2013/ഡബ്ല്യു.ആർ.ഡി. പ്രകാരം 758.39 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിക്കുവാനുണ്ട്. ടി പദ്ധതിയിൽപ്പെട്ട മുഴുവൻ പ്രവർത്തികൾക്കും ടെൻഡർ നടപടി പൂർത്തീകരിച്ചെങ്കിലും ഭൂരിഭാഗം പ്രവൃത്തികൾക്കും കരാറുകാരിൽനിന്ന് പ്രതികരണം ലഭിച്ചില്ല നിലവിൽ 43 പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു ഇതുവരെ 3 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും സംസ്ഥാന വിഹിതമായ 5.97 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

8 <u>തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണം</u>

തണ്ണീർമുക്കം ബണ്ടിന് 255.335 കോടി രൂപയുടെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണത്തിനായി 13.49 കോടി രൂപയുടേയും പദ്ധതി റിപ്പോർട്ട് ആണ് തയ്യാറാക്കിയത്. 02.07.2013 – ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് കാത്ത് നിൽക്കാതെ 13.12.2013-ൽ പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ ക്ഷണിച്ചു. ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ കീഴിലുള്ള 2 പ്രവൃത്തികൾ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു. കായൽ ഭാഗത്തെ ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടൽ പ്രവൃത്തി ഡിപ്പാർട്ട്മെന്റ് മുഖേന നടത്തി വരുന്നു. തണ്ണീർമുക്കം ബണ്ടിന്റ പ്രവർത്തികൾ 38% പൂർത്തീകരിച്ചു തോട്ടപ്പള്ളി സ്പിൽവേയുടെ 20 ഷട്ടറുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ബാക്കി 20 ഷട്ടറുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഡ്രഡ്ജിംഗ് പണികൾ പുരോഗമിക്കുന്നു. 4.22 കോടി രൂപ ചെലവഴിച്ചുട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം II

| വർഷം | ലഭിച്ചത് (ലക്ഷത്തിൽ) | | ചെലവ് (ലക്ഷത്തിൽ) | |
|---|---|---|---|---|
| | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
| 2010-11 | 2242.5 | 747.50 | 549.97 | 183.32 |
| 2011-12 | ലഭിച്ചില്ല | 197.55 | 1617.9 | 736.85 |
| 2012-13 | 4125 | 4174.02 | 208.71 | 1294.51 |
| 2013-14 | ലഭിച്ചിട്ടില്ല | 2513.74 | 1878.35 | 4650.68 |
| 2014-15 | 5522.06 | 5622.34 | 1722.38 | 5381.25 |
| 2015-16 | - | 10711.49 | - | 10711.49 |

സെക്ഷൻ ഓഫീസർ